**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **30-06-2022 - ൽ മറുപടിയ്ക്ക്**

**ചേത്തക്കൽ റിസർവ് വനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഫോറസ്റ്റ് കോഡ് പ്രകാരവും വന നിയമം 21 , 26 വകുപ്പുകൾ പ്രകാരവും സംസ്ഥാനത്തെ റിസർവ് വനങ്ങളെ സംബന്ധിച്ച സൂക്ഷിക്കേണ്ടതും സർക്കാരിലേക്ക് പകർപ്പ് സമർപ്പിക്കേണ്ടതും മാറ്റങ്ങൾ കാലാകാലങ്ങളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമായ രജിസ്റ്റർ വനം വകുപ്പ് ആസ്ഥാനത്ത് ലഭ്യമാണോ; | (എ) | കേരള ഫോറസ്റ്റ് കോഡ് പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ വനം വകുപ്പ് ആസ്ഥാനത്ത് നടത്തിയ പ്രാഥമിക പരിശോധനയിൽ ലഭ്യമായിട്ടില്ല. പ്രസ്തുത കോഡ് പ്രകാരമുള്ള രജിസ്റ്റർ എല്ലാ ഡിവിഷനുകളിലും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ച വരുന്നുണ്ട്. റിസർവ്വ് വിജ്ഞാപനത്തിന്റെ പകർപ്പുകൾ പുരാവസ്തു വകുപ്പിൽ നിന്നും വിവിധ ലൈബ്രറികളിൽ നിന്നും ശേഖരിച്ച് വനം വകുപ്പ് ആസ്ഥാനത്തെ ഇൻഫർമേഷൻ ടെക്നോളജി വിഭാഗം ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മേല്പറഞ്ഞ രേഖകളിൽ നിന്നും പത്തനംതിട്ട ജില്ലയിലെ ചേത്തക്കൽ റിസർവ് വനം, റാന്നി റിസർവ് വനം എന്നിവയുടെ വന നിയമം 21, 26 വകുപ്പുകൾ പ്രകാരമുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പത്തനംതിട്ട ജില്ലയിലെ ചേത്തക്കൽ റിസർവ് വനം, റാന്നി റിസർവ് വനം എന്നിവ വന നിയമം 21, 26 വകുപ്പുകൾ പ്രകാരം അതിർത്തികൾ മാറ്റം വരുത്തേണ്ട ആവശ്യകതയില്ല. |
| (സി) | ചേത്തക്കൽ റിസർവ്-ന്റെ എത്ര ഏക്കർ സ്ഥലമാണ് 13.04.1970-ലെ സർക്കാർ ഉത്തരവ് പ്രകാരം പതിച്ച കൊടുക്കുന്നതിനു റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | സർക്കാർ ഉത്തരവ് (എം.എസ്) 169/1970/അഗ്രി., തീയതി 13.04.1970 പ്രകാരം 1400 ഏക്കർ വനഭൂമി ചേത്തക്കൽ റിസർവ്വിൽ നിന്നും റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ചേത്തക്കൽ റിസർവിൽപ്പെട്ട എത്ര ഹെക്ടർ സ്ഥലമാണ് നിലവിൽ വനംവകുപ്പിന്റെ കസ്റ്റഡിയിലും നിയന്ത്രണത്തിലും ഉള്ളതെന്ന് അറിയിക്കാമോ? | (ഡി) | റാന്നി വനം ഡിവിഷന്റെ നിലവിലെ വർക്കിംഗ് പ്ലാൻ (2014-15 മുതൽ 2023-24 വരെ) പ്രകാരം വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചേത്തക്കൽ റിസർവ്വിന്റെ 2939.24 ഏക്കർ വനഭൂമിയും, ചേത്തക്കൽ എക്സ്റ്റെൻഷൻ റിസർവ്വിന്റെ 602 ഏക്കർ വനഭൂമിയും ഉൾപ്പെടെ റിസർവ്വ് സ്റ്റാറ്റസുള്ള ആകെ 3541.24 ഏക്കർ വനഭൂമിയിൽ 1400 ഏക്കർ റവന്യൂ വകുപ്പിന്റെ കസ്റ്റഡിയിലും 629.473 ഏക്കർ റബ്ബർ ബോർഡിന്റെ കസ്റ്റഡിയിലുമാണ്. |

സെക്ഷൻ ഓഫീസർ

ANNEXURE - 1



# GOVERNMENT OF KERALA

## Abstract

Forest – Forest land – Kaliyar Coupe Nos. 2, 3 and 4 – 1130.55 acres – Chethakkal area in Ranni Division – 1400 acres – Transfer to the Revenue Department for re-settlement of evictees from Idikki Project area - Orders issued.

---

## AGRICULTURE (FOREST ESTT) DEPARTMENT

G.O.(MS)169/70/Agri. Dated, Trivandrum, 13-4-1970.

---

Read:- 1. G.O.(Rt)2592/68/Agri. dated 16-10-1968.
2. From the Chief Conservator of Forests letter No.G2-21359/68 of 28.1.1970.
3. G.O.(MS)No.161/70/Agri. dated 3-4-1970
4. Record of Discussions held on the scheme for distribution of arable lands in the room of the Chief Minister on 2-4-70.

## ORDER

Sanction is accorded for the disseveration and transfer of 1130.56 acres available in coupes Nos. 2, 3, & 4 of Kaliyar, Kothamangalam Range, Industrial Plantation Division, Perumbavoor, Ernakulum District to the Revenue Department for resettlement of evictees from Idikki Project area. The area will be ready to be handed over to the Revenue Department latest by June, 1970.

Sanction is also accorded for the disseveration and transfer of about 1400 acres in Chethakkal Reserve, Ranni Division to the Revenue Department for resettlement of evictees from Idikki Project area. Out of this, 200 acres has already been handed over to the Revenue Department. Of the remaining area, 927.05 acres will be ready to be handed over by the end of July 1970. The rest of the area will be ready by the end of December 1970.

The Chief Conservator of Forests will see that the area are cleared and transferred to the Revenue Department on or before the target dates fixed in each case. The Special Deputy Collector, Idikki Project is requested to take charge of the areas mentioned above as and when cleared on intimation from the Divisional Forest Officers concerned.

(By Order of the Governor)

True copy

K.K.Gopalan,
Assistant Secretary to Government.

To

Scanned with CamScanner